പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *471 | 24.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **തന്റേടം-ജൻഡർ പാർക്ക്** | |
| ചോദ്യം | ഉത്തരം |
| **പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**" വീണാ ജോർജ്ജ്**<br>**ശ്രീ.പി.ടി.എ. റഹീം** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'തന്റേടം-ജൻഡർ പാർക്ക്' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ടും സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലിംഗസമത്വം നടപ്പാക്കുന്നതിനുമായി ജൻഡർ പാർക്ക് ആരംഭിച്ചിട്ടുണ്ട്. |
| (ബി) വിവിധ വികസന മേഖലകളിൽ സ്ത്രീകളുടെ ബുദ്ധിപരവും സൃഷ്ടിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ നേതൃ സ്ഥാനത്തേക്ക് കൊണ്ടുവരുന്നതിനും ഈ പദ്ധതി എങ്ങനെയെല്ലാം സഹായിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) വിവിധ വികസന മേഖലകളിൽ സ്ത്രീകളുടെ ബുദ്ധിപരവും സൃഷ്ടിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ നേതൃസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിനും ജൻഡർ പാർക്ക് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ തൊഴിൽദാന പരിപാടിയായ 'ഷീ ടാക്സി' തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി പ്രവർത്തിച്ച് വരുന്നു. ഇതു കൂടാതെ വനിതകൾക്കായി വിവിധ പരിശീലന പരിപാടികൾ നടത്തുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. സ്ത്രീകളുടെ ബുദ്ധിപരമായ കഴിവുകളെ വികസിപ്പിക്കുന്നതിനായി വിവിധ കോഴ്സുകൾ, ഉന്നത വിദ്യാഭ്യാസ കൂട്ടായ്മകൾ, ലിംഗ സമത്വം, സ്ത്രീശാക്തീകരണ കാര്യരേഖ, സ്ത്രീകൾ അഭിമുഖീകരിക്കുന്ന ദൈനംദിന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളുടെയും അറിവുകളുടെയും കൈമാറ്റത്തിനു വേണ്ടി ദേശീയ-അന്തർ ദേശീയ തലങ്ങളിൽ സെമിനാറുകൾ, സിമ്പോസിയങ്ങൾ, ഓപ്പൺ ഫോറങ്ങൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും ലിംഗഭേദവും വികസനവും സംബന്ധിച്ച ബഹുമുഖ ഗവേഷണങ്ങൾക്കുമായുള്ള ഇന്ത്യയിലെ ആദ്യ നിർദ്ദിഷ്ട അന്താരാഷ്ട്ര |

| | |
|---|---|
| | കേന്ദ്രമായ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെന്റർ ആന്റ് ഡെവലപ്മെന്റ് (IIGD) രൂപീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) 'ഷീ ടാക്സി' പോലെയുള്ള തൊഴിൽ ദാനപരിപാടികൾ ഈ പദ്ധതിയിൻ കീഴിൽ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) ജൻഡർ പാർക്കിന്റെ ആദ്യത്തെ തൊഴിൽദാന പരിപാടിയാണ് 'ഷീ ടാക്സി'. പുരുഷൻമാർ മാത്രം കടന്നു ചെല്ലാൻ ഇഷ്ടപ്പെട്ടിരുന്ന ഈ മേഖലയിലേയ്ക്ക് പ്രസ്തുത പദ്ധതിയിലൂടെ സ്ത്രീകൾക്കും കടന്നു ചെല്ലാൻ ഉത്തേജനം ലഭിക്കുകയുണ്ടായി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി ഷീ ടാക്സി വിജയകരമായി പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ വനിതകളെ സ്വയം പര്യാപ്തരാക്കുന്ന തരത്തിലുള്ള വിവിധ പദ്ധതികൾ ജൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ